(ബി) മലബാർ സിമന്റ്സിന്റെ ഖനനാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതുമൂലം സീമന്തിനിപ്പുഴ ചതുപ്പുനിലമായി മാറിയിട്ടുണ്ടോ;

(സി) ഖനനാവശിഷ്ടങ്ങൾ മലമ്പുഴ ഡാമിൽ എത്താതിരിക്കുവാൻവേണ്ടി മലബാർ സിമന്റ്സ് എത്ര തടയണകൾ കെട്ടിയിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് പീച്ചി ഗവേഷണ കേന്ദ്രത്തിലെ വിദഗ്ദ്ധൻമാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) അതേത്തുടർന്ന് ഇത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഗവൺമെന്റ് ഉത്തരവിട്ടിരുന്നുവോ;

(എഫ്) ഗവൺമെന്റ് ഉത്തരവനുസരിച്ചുള്ള അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത്?

ഉത്തരം

(എ) പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിന്റെ പരിധിയിൽ നിന്നും ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുവാൻ അനുവാദം നൽകിയത് സംബന്ധിച്ച് വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒരു തടയണ നിർമ്മിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ ആന്റ് എഫ്) ഉത്തരം 'സി' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വൈദ്യുതാഘാതമേറ്റ് ആനകൾ ചരിഞ്ഞ സംഭവങ്ങൾ

128 [411] ശ്രീ. കെ. മുഹമ്മദാലി :

,, ജി. പ്രതാപവർമ്മ തമ്പാൻ :

,, എ. സുജനപാൽ :

,, എ. കെ. മണി :

,, കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ കഴിഞ്ഞ വർഷം വൈദ്യുതാഘാതമേറ്റ് എത്ര ആനകൾ ചരിഞ്ഞിട്ടുണ്ട്;

(ബി) വൈദ്യുതാഘാതമേറ്റ് വനത്തിലുള്ള ആനകൾ ചരിയുന്നത് തടയുവാൻ എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനത്തിൽകൂടി കടന്നുപോകുന്ന ട്രാൻസ്മിഷൻ ലൈനുകൾക്കും ടവറുകൾക്കും അറ്റകുറ്റപ്പണി ചെയ്യുകയും അത് പുതുക്കുകയും ചെയ്യുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡിന് എന്തെല്ലാം നിർദ്ദേശം നൽകി എന്നു വെളിപ്പെടുത്തുമോ;

(ഇ) ഇത്തരം ലൈനുകളുടെ താഴെയുള്ള അടിക്കാടുകൾ തെളിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) അടിക്കാട് തെളിക്കുന്നതുവഴി വൈദ്യുതാഘാതമേറ്റ് ആന ചരിയുന്നത് കുറയ്ക്കുവാൻ കഴിയുമോ?

ഉത്തരം

(എ) അഞ്ച് കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്.

(ബി) വൈദ്യുതാഘാതമേറ്റ് വനത്തിലുള്ള ആനകൾ ചരിയുന്നത് തടയുവാൻ താഴെ പറയുന്ന മുൻകരുതലുകൾ സ്വീകരിക്കുവാൻ കെ. എസ്. ഇ. ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്:

(1) വനത്തിനുള്ളിൽക്കൂടി കടന്നുപോകുന്ന വൈദ്യുതി ലൈനിന്റെ അടിവശത്തുള്ള കാട് വൈദ്യുതി ബോർഡ് വൃത്തിയാക്കുകയും തുടർന്ന് കാലാകാലങ്ങളിൽ അതേനിലയിൽ സൂക്ഷിക്കുകയും ചെയ്യുക.

(2) വൈദ്യുതി കമ്പി അപകടകരമാംവിധം താഴ്ന്നു കിടക്കുന്ന സ്ഥലങ്ങളിൽ കമ്പി വലിച്ചുയർത്തി കെട്ടി ഉയരം കൂട്ടുക.

(3) കമ്പി വലിച്ചുയർത്തിക്കെട്ടി ഉയരം കൂട്ടാൻ കഴിയാത്ത ഭാഗങ്ങളിൽ വനംവകുപ്പും വൈദ്യുതി ബോർഡും സംയുക്തമായി പരിശോധിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ ടവറുകൾ സ്ഥാപിക്കുക.

(സി) ഈ നടപടികൾ യഥാവസരം നടപ്പാക്കുന്ന പക്ഷം വന്യമൃഗങ്ങൾക്ക് വൈദ്യുതാഘാതം കാരണമുള്ള അപകടമരണം സംഭവിക്കുകയില്ല.

(ഡി) ഉത്തരം (ബി)യിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കെ. എസ്. ഇ. ബി.-ക്ക് നൽകിയിട്ടുണ്ട്.

(ഇ) വൈദ്യുതി ലൈനുകളുടെ താഴെയുള്ള അടിക്കാടുകൾ യഥാവസരം തെളിക്കേണ്ടത് കെ. എസ്. ഇ. ബി. യുടെ ചുമതലയാണ്. ടി ജോലികൾ യഥാകാലങ്ങളിൽ മുൻഗണനാക്രമത്തിൽ ചെയ്യുന്നതിന് കെ. എസ്. ഇ. ബി.-ക്ക് കർശന നിർദ്ദേശം നൽകിട്ടുണ്ട്.

(എഫ്) കഴിയും.

LIBRARY ARCHIVES Kerala Legislative Assembly